## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 551** **26.04.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ ബി.ഡി. ദേവസ്സി: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വിവിധ ആദിവാസി കോളനികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | | (എ) & (ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വിവിധ ആദിവാസി കോളനികളായ അരക്കാപ്പ്, വെട്ടുവിട്ടുകാട് എന്നീ സ്ഥലങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>അരക്കാപ്പ് ആദിവാസി കോളനി : 756 മീറ്റർ 11 കെ.വി. ഓവർഹെഡ് ലൈൻ വലിക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. 3.46 കി.മീറ്റർ ഭൂഗർഭ കേബിൾ നിർമ്മിക്കാൻ ഉള്ളതിൽ 1 കി.മീറ്റർ പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തി ചെയ്തു കൊണ്ടിരിക്കുന്നു. കൂടാതെ 6.5 കി.മീറ്റർ എൽ.റ്റി ലൈൻ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>വെട്ടുവിട്ടുകാട് ആദിവാസി കോളനിയിൽ ഓഫ് ഗ്രിഡ് സൗരോർജ്ജ പദ്ധതി പ്രകാരം വൈദ്യുതി എത്തിക്കുന്ന പണി നടന്നുവരുന്നു. |
| (ബി) | അരയ്ക്കാപ്പ്, വെട്ടുവിട്ടുകാട് ട്രൈബൽ കോളനികളിൽ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**